# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 517 06.07.2012-ൽ മറുപടിക്ക്

## ജീവിതശൈലീ രോഗങ്ങളെക്കുറിച്ചുള്ള പഠനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി :<br>,, സി.മമ്മൂട്ടി :<br>,, പി.ഉബൈദുള്ള :<br>,, കെ.എൻ.എ.ഖാദർ :- | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സാധാരണയായി കണ്ടു വരുന്ന ജീവിതശൈലീ രോഗങ്ങളെ ക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ എങ്കിൽ ഏതൊക്കെ രോഗങ്ങളാണ് പ്രാധാന്യമർഹിക്കുന്നതെന്ന് നിശ്ചയി ച്ചിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് സാധാരണയായി കണ്ടുവരുന്ന ജീവിതശൈലീ രോഗങ്ങളെക്കുറിച്ച് ആരോഗ്യ വകുപ്പ് പ്രത്യേക പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. ലഭ്യമായ കണക്കുകൾ പ്രകാരം പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗങ്ങൾ, പക്ഷാഘാതം, കാൻസർ എന്നീ രോഗങ്ങളാണ് കൂടുതലായി കണ്ടുവരുന്നത് എന്ന് മറ്റു പഠനങ്ങളിൽ നിന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) ഏതൊക്കെ ജീവിതസാഹചര്യങ്ങളും, ശീലങ്ങളും, ഉപഭോഗവസ്തുക്കളുമാണ് ഇത്തരം രോഗങ്ങൾക്കുള്ള അടിസ്ഥാന കാരണങ്ങളെന്ന് കണ്ടെത്തിയിട്ടുണ്ടോ ; | (ബി) പുകവലി, പാൻമസാല, മദ്യപാനം എന്നിവ കാൻസർ, രക്താതി സമ്മർദ്ദം, ഹൃദ്രോഗങ്ങൾ, കരൾരോഗം എന്നിവയ്ക്ക് കാരണമാകാം. അനാരോഗ്യകരമായ ഭക്ഷണക്രമം ശീലമാക്കുന്നതും, വ്യായാമം കുറയുന്നതും, തടി കൂടുന്നതും, അമിത മദ്യപാനവും, രക്താതിസമ്മർദ്ദം, പക്ഷാഘാതം, പ്രമേഹം എന്നീ രോഗങ്ങൾക്ക് കാരണമായി ഭവിക്കുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു. |
| (സി) എങ്കിൽ അവയെക്കുറിച്ച് പൊതുവായ ബോധവത്ക്കരണത്തിന് ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (സി) ജീവിതശൈലീ രോഗനിയന്ത്രണ പരിപാടിയുടെ ഭാഗമായി ഈ രോഗങ്ങൾക്ക് എതിരെയുള്ള ബോധവത്കരണ പരിപാടികൾ സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും നടന്നുവരുന്നു. പുകയിലയുടെ ദൂഷ്യങ്ങളും, ഭവിഷ്യത്തുകളേയും കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള പ്രചാരം നടത്തിവരുന്നു. പുകവലി വിരുദ്ധ ദിനം മെയ് 31-ന് സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിലായി നടത്തുകയുണ്ടായി. ബോധവത്കരണ ക്ലാസുകൾ, എക്സിബിഷൻ മത്സര |

ങ്ങൾ, റാലി തുടങ്ങി വിവിധ പരിപാടികൾ സംസ്ഥാനത്ത് 4160 ഇടങ്ങളിൽ നടത്തുക യുണ്ടായി. പോസ്റ്ററുകൾ, ലഘു ലേഖനങ്ങൾ, മാധ്യമങ്ങളിലൂടെയുള്ള പ്രചരണം എന്നിവ ആരോഗ്യവകുപ്പ് ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്.

| | |
|---|---|
| (ഡി) സ്കൂൾതലത്തിൽ കുട്ടികൾക്കിടയിൽ ഇതെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ? | (ഡി) ജീവിതശൈലീ രോഗനിയന്ത്രണ പരിപാടിയുടെയും കാൻസർ രോഗനിയന്ത്രണ പരിപാടിയുടെയും ഭാഗമായി സ്കൂൾ കോളേജ് കുട്ടികൾക്ക് ബോധവത്കരണ പരിപാടികൾ നടത്തുവാൻ പദ്ധതി നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ